**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2395** | **05.02.2018 ൽ മറുപടിയ്ക്ക്**

## കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിലെ തസ്തികകൾ

**ചോദ്യം**

**ശ്രീ. ഹൈബി ഈഡൻ**

**മറുപടി**

**ശ്രീ.എ.സി. മൊയ്തീൻ**
**(ബഹു.വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ ഏതെല്ലാം തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ; | (എ) | കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ താഴെ പറയുന്ന 29 സർക്കാർ അംഗീകൃത തസ്തികകളാണുള്ളത്.<br>മെമ്പർ സെക്രട്ടറി (1)<br>ഫിനാൻസ് ഓഫീസർ (1)<br>ഡെപ്യൂട്ടി ഡയറക്ടർ (1)<br>സീനിയർ സൂപ്രണ്ട് (1)<br>പ്രോജക്ട് ഓഫീസർ (1)<br>ജൂനിയർപ്രോഗ്രാമർ (1)<br>ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ (14)<br>സ്പെഷ്യൽ ഓഫീസർ (2)<br>എൽ.ഡി.ടൈപ്പിസ്റ്റ് (1)<br>ക്ലാർക്ക് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ (2)<br>ഡ്രൈവർ (1)<br>പ്യൂൺ (1)<br>നൈറ്റ് വാച്ചർ (1)<br>പാർട്ട്ടൈം സ്വീപ്പർ (1)<br>ആകെ 29 |
| (ബി)<br><br>(സി) | സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുമ്പോൾ നിലവിലുള്ള തസ്തികകളും ഒഴിവുകളും പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യുമോ; എങ്കിൽ വ്യക്തമാക്കുമോ ;<br><br>പ്രസ്തുത തസ്തികകളിൽ നിലവിൽ നിർദ്ദിഷ്ട യോഗ്യതയുള്ള എത്ര ജീവനക്കാർ ജോലി ചെയ്യുന്നുണ്ട് ; യോഗ്യത ഇല്ലാത്തവർ ജോലി ചെയ്യുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേരെന്നും ഏതെല്ലാം തസ്തികകളിൽ ആണെന്നും വ്യക്തമാക്കുമോ ; | (ബി)<br>&<br>(സി) | സ്പെഷ്യൽ റൂൾ നടപ്പിലാക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. മെമ്പർ സെക്രട്ടറി, ഫിനാൻസ് ഓഫീസർ ,ഡെപ്യൂട്ടി ഡയറക്ടർ സീനിയർ സൂപ്രണ്ട് എന്നീ തസ്തികകളിൽ അന്യത്രസേവന വ്യവസ്ഥയിലും ബാക്കിയുള്ള തസ്തികകളിൽ യോഗ്യതയുടെ അടിസ്ഥാനത്തിൽ കരാർ/ദിവസവേതന വ്യവസ്ഥയിലും കാലാകാലങ്ങളിലെ ബോർഡ് തീരുമാന പ്രകാരമാണ് ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | 2017 മാർച്ച് മുതൽ ഡിസംബർ വരെ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ ദിവസവേതനത്തിലോ കരാർ അടിസ്ഥാനത്തിലോ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം തസ്തികകളിലാണെന്നും ഈ തസ്തികകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ? | (ഡി) | നിയമിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ